പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 430 | 04.06.2018 -ൽ മറുപടിക്ക്

## മണ്ണെണ്ണ വിഹിതം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.എം.വിൻസെന്റ്** | **ശ്രീ. പി. തിലോത്തമൻ (ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)** |

**(എ)** സംസ്ഥാനത്തിന് ലഭിച്ചുകൊണ്ടിരുന്ന മണ്ണെണ്ണ വിഹിതം കേന്ദ്രം വെട്ടിക്കുറച്ചിട്ടുണ്ടോ ;

**(എ)** ഉണ്ട്.

**(ബി)** സംസ്ഥാനം 100 ശതമാനം വൈദ്യുതീകരിച്ചുവെന്ന പ്രഖ്യാപനം മണ്ണെണ്ണ വിഹിതത്തിൽ കുറവ് വരുത്തുവാൻ കാരണമായിട്ടുണ്ടോ; വ്യക്തമാക്കാമോ ;

**(ബി)** ഉണ്ട്. കേരളം സമ്പൂർണ്ണ വൈദ്യുതീകരിച്ച സംസ്ഥാനമായി പ്രഖ്യാപിച്ചതിന് ശേഷം 2017-18 വർഷത്തിൽ മൂന്നാംപാദ (ജൂലൈ മുതൽ സെപ്റ്റംബർ വരെ) അലോട്ട്മെന്റിലെ കേന്ദ്ര വിഹിതം 15456 കിലോ ലിറ്ററും നാലാം പാദത്തിൽ (ഒക്ടോബർ മുതൽ ഡിസംബർ വരെ) ഇത് 13908 കിലോ ലിറ്ററുമായി കുറവ് ചെയ്തിട്ടുണ്ട്. നിലവിൽ ത്രൈമാസ അലോട്ട്മെന്റായി കേന്ദ്രം അനുവദിച്ചിട്ടുള്ളത് 13908 കിലോ ലിറ്ററാണ്.

**(സി)** മത്സ്യത്തൊഴിലാളികൾക്കുള്ള മണ്ണെണ്ണ വിഹിതത്തിൽ കുറവ് വരുത്തിയത് പുനഃസ്ഥാപിക്കണമെന്ന ആവശ്യത്തിന്മേലുള്ള കേന്ദ്രപ്രതികരണമെന്താണെന്ന് വെളിപ്പെടുത്തുമോ ?

**(സി)** പി.ഡി.എസ് മണ്ണെണ്ണ പാചക ആവശ്യത്തിനും വിളക്ക് കത്തിക്കുന്നതിനും മാത്രമേ ഉപയോഗിക്കാവൂ എന്ന നയമാണ് കേന്ദ്ര സർക്കാരിനുള്ളത്. ആയതിനാൽ സംസ്ഥാനത്തിന്റെ മണ്ണെണ്ണ വിഹിതം പുനഃസ്ഥാപിക്കണമെന്നുള്ള സംസ്ഥാന ഗവണ്മെന്റിന്റെ കാലാകാലങ്ങളായുള്ള ആവശ്യം കേന്ദ്ര സർക്കാർ നിരസിക്കുകയാണ് ഉണ്ടായിട്ടുള്ളത്.

**സെക്ഷൻ ഓഫീസർ**